# എന്റെ വിദ്യാലയം



Scanned with OKEN Scanner

# വിദ്യാലയ വികസന പദ്ധതി

| | | |
|---|---|---|
| പഞ്ചായത്ത് | : | പടിയൂർ പഞ്ചായത്ത് |
| ബ്ലോക്ക് | : | വെള്ളാങ്കല്ലൂർ |
| എഇഒ | : | ഇരിങ്ങാലക്കുട |
| സി.ആർ.ഡി | : | എസ്.എസ്. എ.ഐ.<br>യു.പി.എസ്. പടിയൂർ |
| ജില്ല | : | തൃശ്ശൂർ |
| വില്ലേജ് | : | എടതിരിഞ്ഞി |
| വാർഡ് | : | രണ്ട് |
| ഹെഡ്മിസ്ട്രസ്സ് | : | ജിനുമോൾ.സി.ബി |
| സ്ക്കൂൾ ഫോൺ നമ്പർ: | | |
| എച്ച്.എം. ഫോൺനമ്പർ | | 9847963815 |



Scanned with OKEN Scanner

# ഉള്ളടക്കം

ആമുഖം

പഞ്ചായത്ത് ഭൂപടം

സ്ക്കൂൾ ചിത്രം - പ്ലാൻ

സ്ക്കൂൾ എംബ്ലം

വിദ്യാലയ ചരിത്രം

വിദ്യാലയത്തിന്റെ ഇപ്പോഴത്തെ അവസ്ഥ പരിമിതികൾ നേട്ടങ്ങൾ

ഇപ്പോഴത്തെ അവസ്ഥമാറ്റേണ്ടതിന്റെ ആവശ്യകത വിദ്യാലയ വികസന സമിതി

പദ്ധതികൾ - അക്കാദമികം , ഭൗതികം സാമൂഹികം പദ്ധതിക്കുള്ള ധനസ്രോതസ്സുകൾ

പദ്ധതി വിശദീകരണം

പ്രതീക്ഷിത നേട്ടങ്ങൾ

പദ്ധതി രൂപരേഖ -ക്രോഡീകരണം

കുട്ടികളുടെ എണ്ണം

മോണിറ്ററിങ്ങ് രീതി

ഉപസംഹാരം

Scanned with OKEN Scanner




Scanned with OKEN Scanner

R.I.L.P.SCHOOL EDATHIRINJI

KNOWLEDGE IS POWER

Scanned with OKEN Scanner

# വിദ്യാലയവികസന സമിതി

## രക്ഷാധികാരികൾ

കെ. കെ. ഭരതൻ

എം. കെ. സുബ്രഹ്മണ്യൻ

കെ.കെ. രവീന്ദ്രൻ

ഇ.എം കിട്ടപ്പൻ

കെ.എം ഭാസ്കരൻ

പ്രസിഡന്റ് - ബാബു ചിങ്ങാരത്ത്

സെക്രട്ടറി - കെ.എസ്. രാധാകൃഷ്ണൻ

ട്രഷറർ - ഒ.കെ. രാമകൃഷ്ണൻ

അംഗങ്ങൾ

ആശാ സുരേഷ് - വാർഡ്മെമ്പർ

സുധ വിശ്വംഭരൻ - വാർഡ് മെമ്പർ

സുമിത സജിമോൻ - മാതൃസംഗമം പ്രസിഡന്റ്

സിന്ധു പ്രദീപ് - പി.ടി.എ വൈസ് പ്രസിഡന്റ്

ജെസീറ ഷെഫീർ - പി.ടി. എ അംഗം

അരുണ വിജിത്ത് - പി.ടി.എ.അംഗം

എം.വി.ശശി

ജെസി. ഗണേശൻ

ജയലക്ഷമി സുരേന്ദ്രൻ -റിട്ട. ഹെഡ്മിസ്ട്രസ്സ്

മനോമോഹനൻ വി.കെ

സി.കെ. വിനോദ് - പി.ടി.എ. പ്രസിഡന്റ്

ജിനുമോൾ സി.ബി - H M

Scanned with OKEN Scanner

# പൂർവ്വ വിദ്യാർത്ഥി സംഘടന

## രക്ഷാധികാരികൾ

പി.കെ കൊച്ചിബ്രാഹിം മാസ്റ്റർ

കൃഷ്ണൻകുട്ടി മേനോൻ

പ്രസിഡന്റ് - ഒ.എൻ. അജിത്ത് കുമാർ

വൈസ് പ്രസിഡന്റ് - അനിത രാധാകൃഷ്ണൻ

സെക്രട്ടറി -വി.ആർ.രമേഷ്

ജോയിന്റ് സെക്രട്ടറി -കെ.കെ.സുരേന്ദ്രൻ

ട്രഷറർ -വി.വി. അനിതാക്ഷൻ

അംഗങ്ങൾ

കെ.എം. വത്സൻ

ഒ.കെ. രാമകൃഷ്ണൻ

എ.കെ. സുരേന്ദ്രൻ

എം.എ. ദേവാനന്ദൻ

കെ.ബി. ദിനചന്ദ്രൻ

കെ. ആർ. രവീന്ദ്രൻ

പി.എസ്. സുധീർ

വി.ടി. ബിനോയ്



Scanned with OKEN Scanner

# ആർ.ഐ.എൽ.പി.സ്കൂൾ -ചരിത്ര സംഗ്രഹം

പഴയ കൊച്ചി രാജ്യത്തിന്റെ പടിഞ്ഞാറെ അതിർത്തിയിൽ അക്ഷരത്തിന്റെ പിഞ്ചു ബാല്യം രചിയ്ക്കുവാനാരംഭിച്ച എടതിരിഞ്ഞി ആർ.ഐ.എൽ.പി.സ്കൂളിന്റെ ൮൦ വർഷത്തോളം പഴക്കമുണ്ട്. സമൂഹത്തിന്റെ താഴെത്തട്ടിലുള്ല ജീവിതരീതിയും സംസ്കാരവും അനുവർത്തിച്ച ആ പ്രദേശത്തിന് എരെഴുത്തുപള്ളി എന്നതിലുപരി ഈ സ്ഥാപനം എല്ലാമായിരുന്നു.

ആർ.ഐ.എൽ.പി സ്കൂളിന്റെ സ്ഥാപകർ ആരെന്നത് ഒരു തർക്ക വിഷയമായി അവശേഷിക്കുന്നു. വെളുത്തേടത്തു പറമ്പിൽ ഇബ്രാഹിമും സഹായികളുമാണെന്ന് ഒരു പക്ഷം. സമീപവാസികളായ ചക്കഞ്ചാത്ത് തറവാട്ടുകാരുടേതാണെന്ന് മറ്റൊരു കേൾവി. ഉഹ്മത്തുൽ ഇസ്ലാം എന്ന സ്കൂളിന്റെ നാമം, സ്കൂളിന്റെ സ്ഥാപകർ മുസ്ലിംമുകളായിരിക്കാമെന്ന വസ്തുതയിലേക്ക് വിരൽ ചൂണ്ടുന്നു. പരിമിതകളെ അതിജീവിച്ച് പുത്തൻ വിദ്യാഭ്യാസ സംസ്കൃതിയുടെ ഊഷരവീഥിയിൽ വെന്നിക്കൊടി പാറിച്ച് ഈ യാത്ര തുടരുകയാണ് ആർ.ഐ.എൽ.പി.സ്കൂൾ.

പടിയൂർ പഞ്ചായത്തിൽപെട്ട എടതിരുത്തി വില്ലേജിന്റെ വടക്കുഭാഗത്തായി കിടക്കുന്ന ഭൂപ്രദേശത്താണ് ആർ.ഐ.എൽ.പി.സ്കൂൾ സ്തിതി ചെയ്യുന്നത്. മുകുന്ദപുരം താലൂക്കിൽ എടതിരിഞ്ഞി വില്ലേജിൽ ചെട്ടിയാൽ സെന്ററിൽ നിന്നും 1 കിലോമീറ്റർ വടക്ക് കാട്ടൂർ റോഡിനും കനോലി കനാലിനും സമീപമാണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്. ചെത്തുതൊഴിലാളികളും കൂലിതൊഴിലാളികളും കൂടുതലായി താമസിക്കുന്ന ഈ പ്രദേശം അക്ഷരത്തിന്റെ മണിനാദം ചെവി കൊള്ളുന്നത് ഇവിടെ നിന്നാണ്. അക്ഷരം അപ്രാപ്യമായിരുന്ന പ്രദേശവാസികളിൽ കൂടുതൽ പേരും അവർണരും അവ

ഗണനയനുഭവിക്കുന്നവരുമായിരുന്നു. കണേങ്കാട്ടിൽ അപ്പുവിന്റെ വീട്ടിൽ പ്രവർത്തിച്ചിരുന്ന ഒരെഴുത്തുപള്ളിയായിരുന്നു ഇവരുടെ ഏക ആശ്രയം. ഒരു പള്ളിക്കൂടം ന്ന ഈ പ്രദേശത്തിന്റെ ആവശ്യം ആർ.ഐ.എൽ.പി.സ്കൂളിന്റെ തുടക്കത്തിന് വളരെ പ്രചോദനമായിട്ടുണ്ട്.

കറുപ്പത്ത് രാമൻ മേനോൻ ആയിരുന്നു ഈ വിദ്യാലയത്തിലെ ആദ്യ ഹെഡ്മാസ്റ്റർ. സ്കൂൾ സ്ഥാപകന്റെ മകനായ കുഞ്ഞിമുഹമ്മദ് ആണ് ഇവിടുത്തെ ആദ്യ വിദ്യാർത്ഥി. പിന്നീട് മാനേജ്മെന്റ് കക്കഴയ്ക്കൽ മുഹമ്മദ് എന്ന ആൾക്കും വലിയകത്ത് മുഹമ്മദ് എന്ന ആൾക്കും കൈമാറുകയുണ്ടായി. ഇപ്പോൾ അദ്ദേഹത്തിന്റെ മകൻ ശ്രീ.ഉമ്മർ ആണ് മാനേജർ സ്ഥാനം വഹിക്കുന്നത്. ഈ വിദ്യാലയത്തിൽ പഠിച്ചുപോയിട്ടുള്ള പലരും ഇന്ന് പ്രശസ്ത നിലയിൽ കഴിയുന്നവരാണ്. അവരിൽ പ്രധാനികൾ തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ പ്രഥമ പ്രസിഡന്റായിരുന്ന വി.വി.രാമൻ, ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾ ആയ കൊച്ചിബ്രാഹിം, ചക്കഞ്ചാത്ത വിജയൻ, ഡോ.ഗായത്രി തുടങ്ങിയവരാണ്. കുട്ടികളുടെ കാര്യത്തിൽ തുടക്കത്തിൽ ഉണ്ടായ പുരോഗതി 1980നു ശേഷം കുറവു വന്നു കൊണ്ടിരിക്കുകയാണ്. എങ്കിലും ഇപ്പോഴുള്ള അധ്യാപകരുടെ ശ്രമഫലമായി പഴയ പ്രതാപം വീണ്ടെടുക്കാനാകുമെന്ന പ്രതീക്ഷയിലാണ്.

സ്കൂൾ കഴിഞ്ഞ കുറെ വർഷങ്ങളായി അൺ-ഇക്കണോമിക് ആണ്. കെട്ടിടെ പുതുക്കി പണിയുകയാണെങ്കിൽ ഈ സ്ഥിതിയിൽ മാറ്റം വരുമെന്ന് പി.ടി.എ യോഗം ചേർന്ന് മാനേജ്മെന്റിനെ അറിയിക്കുയുണ്ടായി. അാനേജ്മെന്റ് എല്ലാ ക്ലാസ്സ് മുറികളിലും ഇലക്ട്രിഫിക്കേഷൻ തന്നു. എല്ലാ ക്ലാസ്സ് മുറികളിലും ഫാൻ ഉണ്ട്. കുട്ടികളുടെ പഠനാവശ്യത്തിന് ലാപ്പ്ടോപ്പ് അനുവദിച്ചു തന്നു. സ്കൂളിലെ കുട്ടികൾക്ക് സൗജന്യ വാഹനയാത്ര അധ്യാപകരുടെ വകയായി നടത്തിവരുന്നുണ്ട്.

സ്കൂൾ കെട്ടിടം പൊളിച്ചു പണിയേണ്ടത് ഇപ്പോഴത്തെ സാഹചര്യത്തിൽ ആവശ്യമായതിനാൽ വാർഡ് മെമ്പറും പി.ടി.എ പ്രസിഡന്റും മാനേജ്മെന്റിനെ ചെന്നുകണ്ട് ആവശ്യം ഉന്നയിച്ചിട്ടുണ്ട്. സ്കൂൾ ഗ്രൗണ്ട് മെച്ചപ്പെടുത്തി കളിയുപകരണങ്ങൾ സ്ഥാപിക്കുന്നതിനും OSA ശ്രമം ആരംഭിച്ചിട്ടുണ്ട്. സ്കൂളിന്റെ OSAയും സഹകരിച്ച് മുന്നോട്ടു പോകാൻ തീരുമാനിച്ചിരിക്കുന്നു.

സ്കൂളിന്റെ 3 കി.മി ചുറ്റളവിൽ മററ് സ്കൂളുകൾ ഒന്നും തന്നെയില്ല എന്നതും സ്കൂളിൻരെ കാര്യത്തിൽ ശ്രദ്ധാലുക്കളായ പി.ടി.എ ഉണ്ടെന്നതും സ്കൂളിന്റെ ശക്തിയായി കണക്കാക്കാവുന്നതാണ്. സ്കൂളിന്റെ മോശമായ കെട്ടിടം മൂലം സമീപവാസികൾ മെച്ചപ്പെട്ട ഭൗതിക സാഹചര്യമുള്ള സ്കൂളുകളെ ആശ്രയിച്ചിരിക്കുന്നു. ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടുള്ള രക്ഷിതാക്കളുടെ താൽപര്യം ഒരു ഭീഷണിയായി നിലനിൽക്കുന്നു.

സമീപപ്രദേശത്തുള്ള 5 അംഗൻവാടികളിൽ നിന്നുമാണ് ഈ സ്കൂളിലേക്ക് കുട്ടികളെത്തുന്നത്. പ്രീയപ്രൈമറീസ് തുടഹങ്ങിയതിനാൽ കുട്ടികളുടെ എണ്ണത്തിൽ മുൻവർഷത്തേക്കാൾ വർദ്ധനവുമ്ടായിട്ടുണ്ട്. സ്കൂളിൽ 'അിറവിലൂടെ മുന്നേറാം' എന്ന പ്രവർത്തനം നടപ്പിൽവരുത്തി. ഇന്നത്തെ വിദ്യാർത്ഥികൾക്കും ഭാവി തലമുറയ്ക്കും വിജ്ഞാനസമ്പാദനത്തിനും ഈ പ്രവർത്തനത്തിലൂടെ സാധിക്കുന്നു.ോ കുട്ടികളെ അിറവിന്റെ ലോകത്തക്ക് കൊണ്ടുവരുന്നതിലുള്ള വിവിധ പ്രവർത്തനപദ്ധതികൾ ആസൂത്രണചെയ്ത് നടപ്പിലാക്കി. വിദ്യാലയത്തിൽ ശാസ്ത്ര സാഹിത്യ ക്ലബ്ബ്., കാർഷിക ക്ലബ്ബ് എന്നിവ രൂപീകരിച്ചു. സ്കൂൾ അസംബ്ലിയിൽ എല്ലാ ദിവസവും പ്രധാനവാർത്തകൾ വായിക്കുന്നു. ഇംഗ്ലീഷ് അംസംബ്ലി ആഴ്ചയിൽ രണ്ട് ദിവസം നടത്തുന്നു. അസംബ്ലിയിൽ 5പേർക്ക് പൊതുവിജ്ഞാനവുമായി ബന്ധപ്പെട്ട ചോദ്യങ്ങള് ചോദിക്കുവാൻ അവസരം നൽകുന്നു.ോ മറ്റു കുട്ടികൾ ഉത്തരം കണ്ടെത്തി പറയുകയും ചെയ്യുന്നു.



Scanned with OKEN Scanner

# സമഗ്ര ഗുണമേന്മാവിദ്യാലയ വികസന പദ്ധതി പ്രകാരം വിദ്യാലയ വികസന സമിതി സ്ക്കൂളിൽ നടപ്പാക്കാൻ തീരുമാനിച്ച പ്രവർത്തനങ്ങൾ

## അക്കാദമികം

1. ഭാഷാശേഷി വികസനം
2. ഗണിത ശേഷിവികസനം
3. ഇംഗ്ലീഷ് പഠന പരിപോഷണം
4. വായനാ പരിപോഷണം
5. ലൈബ്രറിശാക്തീകരണം
6. നാടകകളരി
7. ജൈവ വൈവിധ്യപാർക്ക്
8. പഠനയാത്രകൾ
9. ക്ലാസ്സ് പി.ടി.എ. സജീവമാക്കൽ
10. സ്കൂൾ പത്രം/മാസിക
11. ഒന്നാംക്ലാസ്സ് ഒന്നാംതരം
12. പച്ചക്കറിത്തോട്ടം
13. പോഷകാഹാരപരിപാടി
14. ദിനാചരണം

Scanned with OKEN Scanner

## ഭൗതികം

1. ചുറ്റുമതിൽ
2. ചിൽഡ്രൻസ് പാർക്ക്
3. ക്ലാസ്സ്മുറികൾ
4. ഓഫീസ്മുറി
5. സ്റ്റാഫ്മുറി
6. കമ്പ്യൂട്ടർ റൂം
7. ലൈബ്രറി
8. അടുക്കള
9. ഡൈനിംഗ് ഹാൾ
10. ടോയ്‌ലറ്റ്

Scanned with OKEN Scanner

## സാമൂഹികം

1. പി.ടി.എ. ശക്തിപ്പെടുത്തൽ
2. വിദ്യാലയ വികസനസമിതി
3. പൂർവ്വവിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം
4. ഗ്രന്ഥ ശാലകൾ, ക്ലബ്ബുകൾ, സന്നദ്ധസംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ, പൂർവാധ്യാപകർ, സഹകരണ സ്ഥാപനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ.

Scanned with OKEN Scanner

# ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മലയാള ഭാഷ തെറ്റുകൂടാതെ വായിക്കാനും എഴുതാനുമുള്ള ശേഷി വികസിപ്പിക്കൽ | പ്രീ ടെസ്റ്റ് നടത്തി ഭാഷയിൽ കുട്ടികളുടെ നിലവാരം കണ്ടെത്തൽ പരിമിതികൾ കണ്ടെത്തി അവ പരിഹരിക്കാനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കൽ ദിവസവും ഡയറിക്കുറിപ്പ് എഴുതൽ. ബാലസഭയിൽ കഥ, കവിത, നാടകം, സംഭാഷണം എന്നിവ അവതരിപ്പിക്കൽ പതിപ്പുകൾ തയ്യാറാക്കൽ രചനാ ശില്പശാലകൾ ലൈബ്രറി കൂടുതലായി പ്രയോജനപ്പെടുത്തൽ | ജൂൺ മാസം മുതൽ വർഷാവസാനം വരെ | പ്രിൻസി ദേവസ്സി | പി.ടി.എ 1000 |

# ഗണിത ശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1 മുതൽ4. വരെ ക്ലാസുകളിലെ ഗണിത പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠനനേട്ടമുറപ്പാക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കൽ | ഗണിതത്തിലെ കുട്ടികളുടെ നില വാരം പ്രീ ടെസ്റ്റ് വഴി കണ്ടെത്താൻ പരിമിതികൾ പരിഹരിക്കാനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കൽ നടപ്പിലാക്കൽ ഗണിതംകളികളിലുടെ ചതുഷ്ക്രിയകൾ ഉറപ്പിക്കൽ ഉയർന്ന നിലവാരക്കാർക്കായി ഗണിത ക്ലാസ്സുകൾ ഗണിതമൂല, ഗണിത മേള സംഘടിപ്പിക്കൽ് | ജൂൺ മുതൽ വർഷാവസാനം വരെ | കെ.എസ് ബീന | പി.ടി.എ 1000 |

# വായനാ പരിപോഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും തെറ്റുകൂടാതെ വായിക്കാൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തിലെത്താൻ സഹായകരമായ വായന പ്രവർത്തനങ്ങൾ നടപ്പിലാക്കാൽ | എല്ലാ ദിവസവും അരമണിക്കൂർ നേരം വായനാനേരം അസംബ്ലിയിൽ പത്ര വായന ലൈബ്രറി പുസ്തങ്ങൾ വായിച്ച് വായനാക്കുറിപ്പ് തയ്യാറാക്കി അസംബ്ലിയിൽ അവതരിപ്പിക്കൽ നല്ല വായനാക്കുറിപ്പുകൾക്ക് സമ്മാനം. വായനാമത്സരം സംഘടിപ്പിക്കൽ | ജൂലായ് മുതൽ ഡിസംബർ വരെ | ദിവ്യ | പി.ടി.എ 5000 |

# ഒന്നാം ക്ലാസ്സ് ഒന്നാംതരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒന്നാം ക്ലാസിൽ പ്രവേശനം നേടുന്ന എല്ലാ കുട്ടികളുടെയും പഠന നിലവാരം ഉറപ്പു വരുത്തൽ | എല്ലാ കുട്ടികളുടെയും അക്ഷരം ഉറപ്പിക്കൽ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാനുള്ള പ്രവർത്തനങ്ങളിൽ പരിശീലനം നൽകൽ (sweet English) ഓരോ മേഖലയിലും മികച്ച നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനം നൽകൾ | ജൂൺ മുതൽ ആഗസ്റ്റ് വരെ | ഒന്നാം ക്ലാസ് അധ്യാപിക കെ.എ സ്. ബീന | പി.ടി.എ 2000 |

Scanned with OKEN Scanner

# സ്കൂൾ പത്രം/മാസിക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ വിജ്ഞാനം വർദ്ധിപ്പിക്കാനും സമകാലീന സംഭവങ്ങളും വാർത്തകളും അറിയുന്നതിനുമായി പത്രങ്ങൾ/മാസികകൾ എന്നിവ സ്കൂളിൽ ലഭ്യമാക്കുക | ഓരോ ക്ലാസിനു പത്രം- പദ്ധതി നടപ്പിലാക്കാനായി സ്പോൺസർമാരെ കണ്ടെത്തൽ പത്രവായനയ്ക്ക് പ്രത്യേക സമയം കണ്ടെത്തൽ അസംബ്ലിയിൽ ഓരോ ദിവസം ഓരോ ക്ലാസിന് പത്രവായനയ്ക്ക് അവസരം മാസത്തിലൊരിക്കൽ സമകാലീന വാർത്തകളെ അടിസ്ഥാനമാക്കിയുള്ള ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കൽ | ജൂൺ മാസം മുതൽ എല്ലാ മാസവും | പ്രധാനാധ്യപിക | പി.ടി.എ ഒ എസ്. എ 3000 |

# ക്ലാസ്സ് പി.ടി.എ സജീവമാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ സമഗ്രവികസനം സാധ്യമാക്കുന്ന രീതിയിൽ ക്ലാസ് പി.ടി.എ സജീവമാക്കൽ | മാസത്തിലൊരിക്കൽ സി.പി.ടി.എ ചേരൽ കോർണർ പി.ടി.എ സംഘടിപ്പിക്കൽ ക്ലാസ് റൂം പ്രവർത്തനങ്ങൾക്കു സഹായകമായ രീതിയിലുള്ള രക്ഷിതാക്കളിലെ വിഭവശേഷി പ്രയോജനപ്പെടുത്തുക ക്ലാസ് റൂം പ്രവർത്തനങ്ങൾ വിലയിരുത്തി അഭിപ്രായങ്ങൾ പങ്കുവയ്ക്കൽ | എല്ലാ മാസവും | അതാത് ക്ലാസ് ടീച്ചർമാർ | |

Scanned with OKEN Scanner

# പഠനയാത്രകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് വിനോദത്തോടൊപ്പം വിജ്ഞാനവും പകർന്നു തരുന്ന പഠന യാത്രകൾ സംഘടിപ്പിക്കൽ | പൊതുസ്ഥാപനങ്ങൾ സന്ദർശിക്കൽ വയൽ, കുളം, പുഴ, കാട്, സന്ദർശനം പണിശാലകൾ സന്ദർശിക്കൽ അഭിമുഖം വിവരശേഖരണം റിപ്പോർട്ട് തയ്യാറാക്കൽ | നവംബർ ഡിസംബർ മാസങ്ങൾ | പ്രധാനാധ്യാപിക ക്ലാസ് ടീച്ചർമാർ | പി.ടി.എ പഞ്ചായത്ത് 10000 |

Scanned with OKEN Scanner

# പോഷകാഹാര പരിപാടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് പോഷക സമൃദ്ധമായ ആഹാരം ലഭ്യമാക്കൽ | വിഭവസമൃദ്ധവും പോഷക സമൃദ്ധവുമായി ഉച്ചഭക്ഷണം തയ്യാറാക്കൽ ചൊവ്വ, വ്യാഴം ദിവസങ്ങളിൽ പാലും ബുധനാഴ്ച മുട്ടയും നൽകൽ സ്കൂൾ പച്ചക്കറിത്തോട്ടത്തിലെ ജൈവ പച്ചക്കറികൾ ഉച്ച ഭക്ഷണത്തിനു ലഭ്യമാക്കൽ ശുദ്ധീകരിച്ച വെള്ളം നൽകാനുള്ള സംവിധാനം പ്രസിദ്ധികരിച്ച മെനു. ആധുനിക സൗകര്യങ്ങളോടും വൃത്തിയോടും കൂടിയ അടുക്കള | ജൂൺ മാസം മുതൽ വർഷാവസാനം വരെ | പ്രിൻസി ദേവസി | ഗവൺമെന്റ് |

Scanned with OKEN Scanner

# ജൈവ വൈവിധ്യപാർക്ക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സസ്യ ശാസ്ത്ര<br>പഠനവുമായി<br>ബന്ധപ്പെട്ട<br>നിരീക്ഷണ<br>പരീക്ഷണങ്ങൾ<br>ക്ക്<br>സഹായകമായ<br>ജൈവ<br>വൈവിധ്യപാർക്ക്<br>തയ്യാറാക്കൽ | ജൈവവേലി<br>ചിത്രശലഭോദ<br>്യാനം<br>മത്സ്യക്കുളം<br>ഉണ്ടാക്കൽ<br>ഔഷധ<br>സസ്യത്തോട്ടം | ജൂൺ മാസം<br>മുതൽ<br>വർഷാവസാനം<br>വരെ | കെ:എ<br>സ്.<br>ബീന | പി.ടി.എ<br>ഒ.എസ<br>.എ<br>15000 |

# ലൈബ്രറി ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ലൈബ്രറി ശാക്തീകരണത്തിലൂടെ കുട്ടികളുടെ വായനയ്ക്ക് പ്രോത്സാഹനം നൽകൽ. വായനയിലെ താൽപര്യം വർദ്ധിപ്പിക്കൽ | വായനാ വാരത്തിൽ കുട്ടികളെക്കൊണ്ട് വായനാശാലയിലേക്ക് പുസ്തകങ്ങൾ സംഭാവന ചെയ്യുന്ന പരിപാടി വായനാശാല സന്ദർശനം സ്ക്കൂൾ ലൈബ്രറി ക്രമീകരണം പിറന്നാൾ ദിനത്തിൽ എന്റെ വക ഒരു പുസ്തകം പരിപാടി | ജൂൺ മാസം | കെ.എസ്. ബീന | പി.ടി.എ ഒ.എസ്.എ 2000 |

Scanned with OKEN Scanner

# ദിനാചരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ദിനങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികൾക്ക് അവബോധം നൽകൽ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പങ്കാളികളാകൽ | പ്രധാനപ്പെട്ട ദിനങ്ങൾ ചാർട്ട് ചെയ്യൽ അസംബ്ലിയിൽ ദിനങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് പ്രസംഗം ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കൽ റാലി നടത്തൽ പതിപ്പുകൾ, മാഗസീനുകൾ | എല്ലാം മാസവും | ദിവ്യ | പി.ടി എ |

Scanned with OKEN Scanner

# പച്ചക്കറിത്തോട്ടം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജൈവ പച്ചക്കറികൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സ്കൂളിന് സ്വന്തമായി ഒരു പച്ചക്കറിത്തോട്ടം | പി.ടി.എ യുടെ പങ്കാളിത്തത്തോടെ പച്ചക്കറിത്തോട്ടത്തിനു വേണ്ട ഒരുക്കങ്ങൾ നടത്തൽ തയ്യാറായ തോട്ടത്തിന്റെ ചുമതലകൾ ക്ലാസുകൾക്കു വിഭജിച്ചു നൽകൽ സ്ക്കൂൾ ഉച്ചഭക്ഷണപരിപാടിയിലേക്ക് സ്ക്കൂൾ പച്ചക്കറിത്തോട്ടത്തിലെ പച്ചക്കറികൾ ലഭ്യമാക്കൽ പ്ലാസ്റ്റിക് മുക്തമായ പരിസരം സൃഷ്ടിക്കൽ | ജൂൺ മാസം മുതൽ വർഷാവസാനം വരെ | കെ. എസ്. ബീന | |

Scanned with OKEN Scanner

# ഭൗതികം

## ചുറ്റുമതിൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ സുരക്ഷക്ക് ചുറ്റുമതിൽ സ്കൂളിൽ അത്യന്താപേക്ഷിതമാണ് | പൂർവ്വ വിദ്യാർത്ഥിസംഘടന, മാനേജ്മെന്റ്, തദ്ദേക സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവരുടെ സഹായത്തോടെ ചുറ്റുമതിൽ നിർമ്മിക്കുക ആകർഷകമായ പെയ്ന്റ് അടിക്കുക. ചുറ്റുമതിൽ പഠന സാധ്യതകൾ ഉപയോഗപ്പെടുത്തി ക്രമപ്പെടുത്തി ആകർഷകമായ സ്കൂൾ കവാടം നിർമിച്ചു നൽകൽ | 1 വർഷം | മാനേജ്മെന്റ് | ചുറ്റിമതിൽ 1 വശം - 50000/ പെയന്റ് ചെയ്യൽ ചിത്രം വരയ്ക്കൽ 25000/ |

Scanned with OKEN Scanner

# ചിൽഡ്രൻസ് പാർക്ക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ മാനസികോല്ലാസത്തിന് ആവശ്യമായ സൗകര്യങ്ങൾ ചെയ്യൽ | നിലവിലുള്ള കളിസ്ഥലത്ത് കളിയുപകരണങ്ങൾ സ്ഥാപിക്കൽ സിമന്റ് ബഞ്ചുകൾ സ്ഥാപിക്കൽ slide, see-saw swing etc; സ്കൂളിനാവശ്യമായ കളിയുപകരണങ്ങൾ വാങ്ങൽ ചെടിച്ചട്ടികൾ ചെടികൾ, വളം കൃഷിയുപകരണങ്ങള സജ്ജീകരിക്കൽ | 1 വർഷം മുതൽ 2വർഷം വരെ | H M അധ്യാപകർ | Slide - 25000 see-saw - 25000 swing - 15000 സിമന്റ് ബഞ്ച് - 20000 കളിയുപകരണങ്ങൾ 10000 |

# ഡൈനിംഗ്ഹാൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂളിലെ വിദ്യാർത്ഥികൾക്ക് ശുചിത്വ പൂർണ്ണമായ അന്തരീക്ഷത്തിൽ ഭക്ഷണം കഴിക്കാനുള്ള സാഹചര്യം ഉണ്ടാക്കുക | പഞ്ചായത്ത്, മാനേജ്മെന്റ് എന്നിവരുടെ സഹായത്തോടെ സ്ക്കൂളിലെ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം കഴിക്കാൻ ഡൈനിംഗ് ഹാൾ നിർമ്മിക്കുക | 1 വർഷം | H M | 2 ലക്ഷം |

Scanned with OKEN Scanner

# സാമൂഹികം
# പി.ടി.എ. ശക്തിപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂളിലെ ദൈനം ദിന പ്രവർത്തനങ്ങള സഹായിക്കുക | വികസന പദ്ധതി രൂപീകരണം പദ്ധതി നിർവഹണം വിദ്യാലയത്തിന്റെ അച്ചടക്കം ഉച്ച ഭക്ഷണ വിതരണം ലഹരി വിമുക്തവും പരിസ്ഥിതി സൗഹൃദവുമായ അന്തരീക്ഷം ഒരുക്കൽ വാർഷികങ്ങൾ വിദ്യാർത്ഥിക്ഷേമപ്രവർത്തനങ്ങൾ | 1 വർഷം | H M | |

Scanned with OKEN Scanner

# ഗ്രന്ഥശാലകൾ, ക്ലബുകൾ, സന്നദ്ധസംഘടനകൾ വിദ്യാഭ്യാസ പ്രവർത്തകർ, പൂർവാധ്യാപകർ, സഹകരണ സ്ഥാപനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗാത്മകമായ വികസന പദ്ധതികൾ ആസൂത്രണം ചെയ്യൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് വിദ്യാലയത്തെ സഹായിക്കൽ വിദ്യാലയ വികസനത്തിനായി വിഭവസമാഹരണം നടത്തൽ, വൈദഗ്ധ്യം ലഭ്യമാക്കൽ വിദ്യാലയവും സമൂഹവും തമ്മിലുളള ബന്ധം ശക്തിപ്പെടുത്തുക | പദ്ധതികൾ നടപ്പിലാക്കുന്നതിന് വിദ്യാലയത്തെ സഹായിക്കൽ, വിദ്യാലയത്തെ അംഗീകരിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ പൊതുവിദ്യാഭ്യാസശാക്തീകരണത്തിന് സഹായകമായ അന്തരീക്ഷം ഒരുക്കൽ | 1 വർഷം | H M SRG കൺവീനർ | |

# മോണിറ്ററിംഗ് രീതി

വിദ്യാലയ വികസന പദ്ധതികൾ മോണിറ്ററിംഗ് ചെയ്യുന്നതിന് തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിലെ അംഗങ്ങൾ, പൂർവ്വ വിദ്യാർത്ഥി സംഘടനാ പ്രതിനിധികൾ, രക്ഷാകർതൃസംഘടനാ പ്രതിനിധികൾ എന്നിവർ അടങ്ങിയ മോണിറ്ററിംഗ് ടീം രൂപവർക്കരിക്കണം ഓരോമാസവും പദ്ധതികളുടെ പ്രവർത്തനങ്ങൾ യോഗങ്ങൾ കൂടി വിലയിരുത്തണം. പ്രക്രിയ ഘട്ടങ്ങൾ പ്രാവർത്തികമാക്കുമ്പോൾ വന്നുചേർന്നപോരായ്മകൾ, തടസങ്ങൾ, എന്നിവ യോഗത്തിൽ ചർച്ച വിധേയമാക്കണം. പരിഹാരനിർദ്ദേശങ്ങൾ വയ്ക്കണം കുറ്റമറ്റരീതിയിൽ പദ്ധതി പ്രക്രിയകൾ വിജയകരമായി നടത്തുന്നതിനുവേണ്ടി സഹായങ്ങൾ മോണിറ്ററിംഗ് കൊണ്ട് സാധ്യമാവണം.

Scanned with OKEN Scanner

# ഉപസംഹാരം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം വിജയിപ്പിക്കുന്നതിൽ നിർണായക പങ്ക് വഹിക്കേണ്ടത് അധ്യാപകരാണ്. അധ്യാപകരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം കുട്ടികളുടെ അവകാശമായ 10001200 മണിക്കൂര പഠനസമയം ഉറപ്പുവരുത്താൻ അധ്യാപകരക്ക് കഴിയേണ്ടതുണ്ട്. ഓരോ കുട്ടിയുമായും ആ ബന്ധം പുലർത്താനും അവരുടെ വ്യക്തിത്വം ഉൾക്കൊണ്ടുകൊണ്ട് പരമാവധി വികാസത്തിലേക്ക് നയിക്കാനും അധ്യാപകർക്ക് കഴിയണം രക്ഷാകർതൃസമൂഹത്തിന്റെ സഹായത്തോടെ ഓരോ കുട്ടിയുടെയും പഠന പിന്നോക്കാവസ്ഥ അഭിസംബോധനചെയ്യാൻ കഴിയണം തന്റെ കുട്ടികളുടെ പഠനത്തിനും സംരക്ഷണത്തിനുമായി ക്ലാസിലെ വിദ്യാലയത്തിലെ എല്ലാ അധ്യാപകരും പരമാവധിപ്രവർത്തിക്കുന്നുണ്ടെന്ന ധാരണ രക്ഷാകർത്താക്കൾക്കും പൊതു സമൂഹത്തിനും ഉണ്ടാകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കണം, പൊതുസമൂഹവും അധ്യാപകരും രക്ഷാകർത്താക്കളും ഒത്തൊരുമിച്ച് പ്രവർത്തിച്ചാലേ വിദ്യാലയത്തെ മികവിന്റെ പാതയിലേക്ക് കൊണ്ടുവരാൻ സാധിക്കൂ.

Scanned with OKEN Scanner